## 2017 ജൂൺ 8 - ാം തീയതി കേരള നിയമസഭ പാസ്സാക്കിയ പ്രമേയം

2017 മെയ് 23 - ന് കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത The Prevention of Cruelty to Animals (Regulation of Livestock Markets) Rules, 2017 മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം 1960 - ന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധവും ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള അധികാരത്തിന്റെ തികഞ്ഞ ദുർവിനിയോഗവുമാണ്. ഭരണഘടനയുടെ ഏഴാം പട്ടികയിലെ രണ്ടാം ലിസ്റ്റിൽ സംസ്ഥാന വിഷയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ചിട്ടുള്ളതാണ് പ്രസ്തുത ചട്ടങ്ങൾ. കേന്ദ്ര സർക്കാരിന്റെ ഈ വിജ്ഞാപനം ഭരണഘടനയുടെ അടിസ്ഥാന ഘടകങ്ങളിലൊന്നായ ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കുന്നു. ലക്ഷക്കണക്കിനാളുകളുടെ ഉപജീവനമാർഗ്ഗം ഇല്ലാതാക്കുകയും തൊഴിലെടുക്കാനുള്ള അവകാശത്തിന്മേൽ അന്യായമായ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന പ്രസ്തുത ചട്ടങ്ങൾ ഭരണഘടനയുടെ അനുച്ഛേദം 19(1) (ജി) - യുടെ നഗ്നമായ ലംഘനമാണ്.

സംസ്ഥാനങ്ങളുടെ കാർഷിക സമ്പദ്ഘടനയെ പാടെ തകർക്കുകയും ഭക്ഷ്യസുരക്ഷയ്ക്ക് ഭീഷണി ഉയർത്തുകയും കന്നുകാലികളുടെ സ്വതന്ത്രമായ വിനിമയം തടയുകയും ചെയ്യുന്ന 2017-ലെ ചട്ടങ്ങൾ അടിയന്തരമായി പിൻവലിക്കണമെന്നും സംസ്ഥാന വിഷയങ്ങളിൽ നയരൂപീകരണവും നിയമനിർമ്മാണവും നടത്തുന്നതിനുള്ള ഓരോ സംസ്ഥാനത്തിന്റേയും അവകാശം പൂർണ്ണമായി അംഗീകരിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.